# Desabhimani
# 13 August 2018
# Thiruvananthapuram, After Flood, Flood Relief, Special Package

കേന്ദ്രമന്ത്രിക്ക് നിവേദനം നൽകി

## പ്രത്യേക പാക്കേജ് വേണം: മുഖ്യമന്ത്രി

- സംസ്ഥാനത്ത് 8316 കോടിയുടെ നഷ്ടം
- 1924നു ശേഷമുള്ള ഏറ്റവും വലിയ പ്രളയക്കെടുതി

പ്രത്യേക ലേഖകൻ

**തിരുവനന്തപുരം**
കാലവർഷക്കെടുതിയിൽ പ്രാഥമിക കണക്കനുസരിച്ച് സംസ്ഥാനത്തിന് 8316 കോടിയുടെ നഷ്ടമുണ്ടായെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി രാജ്നാഥ് സിങ്ങിന് മുഖ്യമന്ത്രി പിണറായി വിജയൻ നൽകിയ നിവേദനത്തിൽ പറഞ്ഞു.

യഥാർഥനഷ്ടം വിലയിരുത്താൻ സമയമെടുക്കുമെന്നതിനാൽ പ്രാഥമിക കണക്കുകളാണ് മുഖ്യമന്ത്രി സമർപ്പിച്ചത്. അടിയന്തര ആശ്വാസമായി 1220 കോടിരൂപ ദേശീയദുരന്തനിവാരണ ഫണ്ടിൽനിന്ന് അനുവദിക്കണമെന്ന് മുഖ്യമന്ത്രി ആവശ്യപ്പെട്ടു. ഇതിൽ 820 കോടിരൂപ എൻഡിആർഎഫ് മാനദണ്ഡങ്ങൾപ്രകാരം ആദ്യഘട്ടത്തിലുണ്ടായ കാലവർഷക്കെടുതിക്ക് നഷ്ടപരിഹാരമായി ആവശ്യപ്പെട്ടതും കേന്ദ്ര സംഘം ശുപാർശ ചെയ്തതുമാണ്. ഒരേ സീസണിൽ രണ്ടാംവട്ടമാണ് മഴക്കെടുതിയുണ്ടാകുന്നത്. ഇത് കണക്കിലെടുത്ത് നഷ്ടം വിലയിരുത്താൻ വീണ്ടും സംഘത്തെ അയക്കണം.

ഇപ്പോഴുണ്ടായ പ്രളയക്കെടുതി അസാധാരണമാംവിധം ഗുരുതരമാണെന്ന് പ്രഖ്യാപിച്ച് പ്രത്യേക പാക്കേജ് അനുവദിക്കണം.

ഒരു മാസത്തിനകം പാക്കേജിനുള്ള നിവേദനം നൽകും. പുനർനിർമാണത്തിനും പുനരധിവാസത്തിനുമുള്ള നിർദേശം ഉൾപ്പെടുത്തി പാക്കേജ് സംബന്ധിച്ച നിവേദനം സമർപ്പിക്കും.

ദേശീയദുരന്തനിവാരണ ഫണ്ടിന്റെ നിബന്ധനപ്രകാരം നഷ്ടപരിഹാരം തുലോം പരിമിതമാണ്. കേരളത്തിനുണ്ടായ നഷ്ടത്തിന്റെ തീവ്രത കണക്കിലെടുത്ത് മതിയായ നഷ്ടപരിഹാരം അനുവദിക്കണം. 1924നു ശേഷമുള്ള ഏറ്റവും വലിയ പ്രളയക്കെടുതിയാണ് കേരളം നേരിട്ടത്. പത്തുജില്ലയെയും കെടുതി രൂക്ഷമായി ബാധിച്ചു.

കേന്ദ്രസംഘം കേരളത്തിൽ പര്യടനം നടത്തുന്നതിനിടയിലാണ് വീണ്ടും പേമാരിയും കെടുതിയും ഉണ്ടായത്. വെള്ളപ്പൊക്കവും ഉരുൾപൊട്ടലും മണ്ണിടിച്ചിലുംമൂലം ജീവനും സ്വത്തിനും ഭീമമായ നഷ്ടമാണുണ്ടായത്. തെക്കുപടിഞ്ഞാറൻ കാലവർഷത്തിൽ ഇതിനകം 186 പേർ മരിച്ചു. 211 സ്ഥലത്ത് മണ്ണിടിച്ചിലോ ഉരുൾപൊട്ടലോ ഉണ്ടായി. പതിനായിരങ്ങൾ ദുരിതാശ്വാസ ക്യാമ്പുകളിലാണ്.

സംസ്ഥാനം ആവശ്യപ്പെട്ടപ്പോൾ രക്ഷാപ്രവർത്തനത്തിന് പെട്ടെന്നുതന്നെ സേനാവിഭാഗങ്ങളെ അയച്ചുതന്നതിന് കേന്ദ്ര സർക്കാരിനോട് മുഖ്യമന്ത്രി നന്ദി പ്രകടിപ്പിച്ചു.

നാശനഷ്ടങ്ങളുടെ തീവ്രത വ്യക്തമാക്കുന്ന വീഡിയോകളും ചിത്രങ്ങളും നിവേദനത്തോടൊപ്പം കേന്ദ്രമന്ത്രിക്ക് നൽകി.